കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC തീയതി: 26-12-2025

**സർക്കുലർ**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2025 – വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് – മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന:-
1. കമ്മീഷന്റെ 28.10.2025-ലെ 52/2025/സം.തി.ക നമ്പർ വിജ്ഞാപനം.
2. കമ്മീഷന്റെ 28.10.2025-ലെ 51/2025/സം.തി.ക നമ്പർ വിജ്ഞാപനം.
3. കമ്മീഷന്റെ 28.10.2025-ലെ 53/2025/സം.തി.ക നമ്പർ വിജ്ഞാപനം.
4. കമ്മീഷന്റെ 31.10.2025-ലെ 57/2025/സം.തി.ക നമ്പർ വിജ്ഞാപനം.
5. കമ്മീഷന്റെ 24.12.2025-ലെ 106/2025/സം.തി.ക നമ്പർ വിജ്ഞാപനം.
6. കമ്മീഷന്റെ 24.12.2025-ലെ 107/2025/സം.തി.ക നമ്പർ വിജ്ഞാപനം.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 162-ാം വകുപ്പിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 20, 21 വകുപ്പുകളിലും പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യ വിദ്യാഭ്യാസകാര്യം എന്നിങ്ങനെ 4 സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, പൊതുമരാമത്ത്കാര്യം, ആരോഗ്യ വിദ്യാഭ്യാസകാര്യം, ക്ഷേമകാര്യം എന്നിങ്ങനെ 5 സ്റ്റാന്റിംഗ് കമ്മിറ്റികളുമാണ് രൂപീകരിക്കേണ്ടത്.
2. മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത് കാര്യം, വിദ്യാഭ്യാസ കലാകായികകാര്യം എന്നിങ്ങനെ 6 സ്റ്റാന്റിംഗ് കമ്മിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത്കാര്യം, നഗരാസൂത്രണകാര്യം, നികുതി അപ്പീൽകാര്യം, വിദ്യാഭ്യാസ കായികകാര്യം എന്നിങ്ങനെ 8 സ്റ്റാന്റിംഗ് കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.
3. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണം 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക - I പ്രകാരവും

ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് പട്ടിക - || പ്രകാരവുമായിരിക്കണം. ഇത് 2025-ൽ ഭേദഗതി ചെയ്തിട്ടുള്ളത് അനുബന്ധം 1 ആയി ഉൾപ്പെടുത്തുന്നു.

4. മുനിസിപ്പൽ കൗൺസിലുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക – II പ്രകാരവും മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം പട്ടിക-III പ്രകാരവുമായിരിക്കണം. ഇത് 2025-ൽ ഭേദഗതി ചെയ്തിട്ടുള്ളത് അനുബന്ധം 2 ആയി ഉൾപ്പെടുത്തുന്നു.
5. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് അതാത് സ്ഥാപനങ്ങളിലെ വരണാധികാരികളെ ഇതിലേയ്ക്ക് ചുമതലപ്പെടുത്തി സൂചന (1) പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ വരണാധികാരിയായി ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.
6. മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെയും കമ്മിറ്റി ചെയർമാൻമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള വരണാധികാരികളായി ഡെപ്യൂട്ടി കളക്ടർ (ജനറൽ)/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തി സൂചന (3) പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ച് ഇതിലേയ്ക്ക് വരണാധികാരികളെ നിശ്ചയിച്ചുകൊണ്ട് സൂചന (4) പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.
7. 2025 ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് **<u>2026 ജനുവരി 05 മുതൽ 07 വരെ</u>** തീയതികളിൽ സൗകര്യപ്രദമായ ഏതെങ്കിലും ഒരു ദിവസം നടത്തേണ്ടതും തുടർന്ന് എത്രയും പെട്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പ് അതത് വരണാധികാരികൾ പൂർത്തിയാക്കേണ്ടതുമാണ്.
8. ഒരു സ്റ്റാന്റിംഗ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് ഏതൊരു സ്ഥാനാർത്ഥിക്കും സ്വയം നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശത്തെ മറ്റൊരു അംഗം നിർദ്ദേശിക്കേണ്ടതോ പിന്താങ്ങേണ്ടതോ ഇല്ല. നാമനിർദ്ദേശപത്രികയ്ക്ക് പ്രത്യേക ഫോറങ്ങൾ നിർണ്ണയിച്ചിട്ടില്ല. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസിലാണ് യോഗം ചേരേണ്ടത്.
9. ബന്ധപ്പെട്ട വരണാധികാരികൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിന് സ്ഥലം, തീയതി, സമയം എന്നിവ കാണിച്ച് കൊണ്ടുള്ള നോട്ടീസ് എല്ലാ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും യോഗതീയതിക്ക് 5 ദിവസം മുമ്പും, സ്റ്റാന്റിംഗ്

കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിന്റെ നോട്ടീസ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗതീയതിക്ക് 2 ദിവസം മുമ്പും നൽകേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ ദിവസങ്ങളിൽ പൊതു ഒഴിവുദിനങ്ങൾ ഉൾപ്പെടുന്നതും നോട്ടീസ് കൈപ്പറ്റിയ തീയതിയും യോഗം കൂടുന്ന തീയതിയും ഉൾപ്പെടാത്തതുമാകുന്നു.

10. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ മത്സരിക്കാൻ താല്പര്യമുള്ള അംഗങ്ങൾ നാമനിർദ്ദേശം വരണാധികാരിയെ ഏൽപ്പിക്കേണ്ട അവസാന തീയതിയും സമയവും കൂടി പ്രസ്തുത നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അതായത് കഴിയുന്നതും യോഗം ചേരാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ട് മുമ്പ് വരെയുള്ള ഒരു സമയം നോമിനേഷൻ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് നോട്ടീസ് നൽകാവുന്നതാണ്.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വൈസ് പ്രസിഡന്റ്/ ഡെപ്യൂട്ടി ചെയർപേഴ്സൺ/ ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളതാണെങ്കിൽക്കൂടി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് ഒരംഗത്തെക്കൂടി തിരഞ്ഞെടുക്കേണ്ടതാണ്. അതായത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടുള്ള എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും ഒരംഗത്തിന്റെ സ്ഥാനം സ്ത്രീക്കായി സംവരണം ചെയ്തിട്ടുണ്ട്.

12. <u>എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും സ്ത്രീകൾക്കായി സംവരണം ചെയ്ത സ്ഥാനത്തേക്കാണ് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടത്. സ്ത്രീ സംവരണ സ്ഥാനങ്ങൾ നികത്തിയതിനുശേഷം മാത്രമേ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ മറ്റ് അംഗങ്ങളെ തിരഞ്ഞെടുക്കാൻ പാടുള്ളൂ. ഇത് ബന്ധപ്പെട്ട വരണാധികാരികൾ കർശനമായി പാലിക്കേണ്ടതാണ്.</u> ഏതെങ്കിലും ഒന്നോ അതിലധികമോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ലഭിക്കാത്തതുമൂലം അംഗത്തെ തിരഞ്ഞെടുക്കാൻ കഴിയാതെ വരുന്ന പക്ഷം വരണാധികാരി 5 ദിവസത്തിനകം വീണ്ടും ഭരണ സമിതി അംഗങ്ങളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും മേൽ പ്രകാരം സ്ത്രീ സംവരണസ്ഥാനം നികത്തുന്നതിന് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. അപ്രകാരം യോഗം വിളിച്ച് ചേർക്കുന്നതിനുള്ള നോട്ടീസിൽ ഒഴിവുള്ള സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടകാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്.

13. മേൽ പ്രകാരം രണ്ടാമത് വിളിച്ച് ചേർക്കുന്ന യോഗത്തിലും സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശങ്ങളൊന്നും ലഭിയ്ക്കാത്തപക്ഷം, ആ സ്ഥാനത്തേയ്ക്ക് ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത ഒരു സ്ത്രീ അംഗത്തെ യോഗത്തിന്റെ ഭൂരിപക്ഷ പ്രകാരം തീരുമാനിക്കുന്നതിന് വരണാധികാരി ഭരണസമിതി അംഗങ്ങളോട് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഭരണസമിതി അതിന് തയ്യാറാകാത്തതുമൂലം സ്ത്രീ സംവരണ സ്ഥാനം നികത്താൻ കഴിയാത്ത സാഹചര്യം സംജാതമാകുന്ന പക്ഷം വരണാധികാരി ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്ത്രീ അംഗം എന്നിവരൊഴികെയുള്ള എല്ലാ സ്ത്രീ അംഗങ്ങളും നിർദ്ദിഷ്ട സ്ത്രീ

സംവരണ സ്ഥാനത്തേയ്ക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളായി കണക്കാക്കി ബാലറ്റ് പേപ്പർ തയ്യാറാക്കി സാധാരണ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്ന രീതിയിൽ വോട്ടെടുപ്പ് നടത്തി സ്ത്രീ സംവരണ സ്ഥാനം നികത്തേണ്ടതും തുടർന്ന് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും മറ്റ് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതുമാണ്. അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാനം വഹിക്കാൻ നിയമപരമായി ബാധ്യസ്ഥരായിരിക്കും.

14. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികളെ യഥാവിധി തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കണം. എന്നാൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് സ്ഥാനാർത്ഥികളുടെ എണ്ണമെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേയ്ക്ക് 5 ദിവസത്തിനകം യോഗം വിളിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

15. സ്ഥാനാർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കൂടുതലാണെങ്കിൽ വരണാധികാരി യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റക്കൈമാറ്റ വോട്ടുമൂലം (Preferential Voting) വോട്ടെടുപ്പ് നടത്തി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

16. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകാൻ പാടില്ലാത്തതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളിൽ, സ്ത്രീകൾക്കായിട്ടുള്ളവ സംവരണം ചെയ്തുകൊണ്ട് സൂചന 5,6 പ്രകാരം കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

17. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് തിരഞ്ഞെടുപ്പ് സംസ്ഥാന കമ്മീഷൻ 2025 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൈപ്പുസ്തകത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

Signed by
Prakash B S
Date: 26-12-2025 16:16:11

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ കളക്ടർമാർ മുഖേന)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

പകർപ്പ്:-

എല്ലാ ഉപവരണാധികാരികൾക്കും

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും (ജില്ലാ കളക്ടർമാർ മുഖേന)

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

കമ്മീഷണറുടെ പി.എസ്

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

ഐ.ടി സെൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2025 നവംബർ 01<br>01st November 2025<br>1201 തുലാം 15<br>15th Thulam 1201<br>1947 കാർത്തികം 10<br>10th Karthika 1947 | നമ്പർ<br>No. | 3862 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 55/2025/തസ്വഭവ.**
**എസ്. ആർ. ഒ. നമ്പർ 1257/2025**

*തിരുവനന്തപുരം, 2025 ഒക്ടോബർ, 31*
*1201 തുലാം, 14*
*1947 കാർത്തികം, 9.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 21-ാം വകുപ്പ് (9)-ാം ഉപവകുപ്പ് 565-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിന് ശേഷം, 2000 ഒക്ടോബർ 10-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയിലെ സ.ഉ.(അച്ചടി) 285/2000/തസ്വഭവ. നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2000 ഒക്ടോബർ 10–ാം തീയതിയിലെ 1832-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 950/2000 നമ്പരായി പ്രസിദ്ധപ്പെടുത്തിയ, 2000–ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാൻറിംഗ് കമ്മിറ്റി) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2025–ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാൻറിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.–2000–ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാൻറിംഗ് കമ്മിറ്റി) ചട്ടങ്ങളുടെ അനുബന്ധത്തിൽ,–

(1) പട്ടിക I–ന് പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:–

പട്ടിക I

(ചട്ടം 3 കാണുക)

| ടൗൺ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ധനകാര്യം | വികസനകാര്യം | ക്ഷേമകാര്യം | ആരോഗ്യവും വിദ്യാഭ്യാസവും |
| (1) | (2) | (3) | (4) | (5) |
| 26 | 7 | 6 | 6 | 6 |
| 27 | 7 | 7 | 6 | 6 |
| 28 | 7 | 7 | 7 | 6 |
| 29 | 7 | 7 | 7 | 7 |
| 30 | 8 | 7 | 7 | 7 |
| 31 | 8 | 8 | 7 | 7 |
| 32 | 8 | 8 | 8 | 7 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 33 | 8 | 8 | 8 | 8 |
| 34 | 9 | 8 | 8 | 8 |
| 35 | 9 | 9 | 8 | 8 |
| 36 | 9 | 9 | 9 | 8 |
| 37 | 9 | 9 | 9 | 9 |
| 38 | 10 | 9 | 9 | 9 |
| 39 | 10 | 10 | 9 | 9 |
| 40 | 10 | 10 | 10 | 9 |
| 41 | 10 | 10 | 10 | 10 |
| 42 | 11 | 10 | 10 | 10 |
| 43 | 11 | 11 | 10 | 10 |
| 44 | 11 | 11 | 11 | 10 |
| 45 | 11 | 11 | 11 | 11 |
| 46 | 12 | 11 | 11 | 11 |
| 47 | 12 | 12 | 11 | 11 |
| 48 | 12 | 12 | 12 | 11 |
| 49 | 12 | 12 | 12 | 12 |
| 50 | 13 | 12 | 12 | 12 |
| 51 | 13 | 13 | 12 | 12 |
| 52 | 13 | 13 | 13 | 12 |
| 53 | 13 | 13 | 13 | 13 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) പട്ടിക II-ന് പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:-

പട്ടിക II

(ചട്ടം 3 കാണുക)

| മുനിസിപ്പൽ കൗൺസിലിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| | ധനകാര്യം | വികസനകാര്യം | ക്ഷേമകാര്യം | ആരോഗ്യകാര്യം | മരാമത്ത്കാര്യം | വിദ്യാഭ്യാസ കലാകായികകാര്യം |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 26 | 5 | 4 | 4 | 4 | 4 | 4 |
| 27 | 5 | 5 | 4 | 4 | 4 | 4 |
| 28 | 5 | 5 | 5 | 4 | 4 | 4 |
| 29 | 5 | 5 | 5 | 5 | 4 | 4 |
| 30 | 5 | 5 | 5 | 5 | 5 | 4 |
| 31 | 5 | 5 | 5 | 5 | 5 | 5 |
| 32 | 6 | 5 | 5 | 5 | 5 | 5 |
| 33 | 6 | 6 | 5 | 5 | 5 | 5 |
| 34 | 6 | 6 | 6 | 5 | 5 | 5 |
| 35 | 6 | 6 | 6 | 6 | 5 | 5 |
| 36 | 6 | 6 | 6 | 6 | 6 | 5 |
| 37 | 6 | 6 | 6 | 6 | 6 | 6 |
| 38 | 7 | 6 | 6 | 6 | 6 | 6 |
| 39 | 7 | 7 | 6 | 6 | 6 | 6 |
| 40 | 7 | 7 | 7 | 6 | 6 | 6 |
| 41 | 7 | 7 | 7 | 7 | 6 | 6 |
| 42 | 7 | 7 | 7 | 7 | 7 | 6 |
| 43 | 7 | 7 | 7 | 7 | 7 | 7 |
| 44 | 8 | 7 | 7 | 7 | 7 | 7 |
| 45 | 8 | 8 | 7 | 7 | 7 | 7 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 46 | 8 | 8 | 8 | 7 | 7 | 7 |
| 47 | 8 | 8 | 8 | 8 | 7 | 7 |
| 48 | 8 | 8 | 8 | 8 | 8 | 7 |
| 49 | 8 | 8 | 8 | 8 | 8 | 8 |
| 50 | 9 | 8 | 8 | 8 | 8 | 8 |
| 51 | 9 | 9 | 8 | 8 | 8 | 8 |
| 52 | 9 | 9 | 9 | 8 | 8 | 8 |
| 53 | 9 | 9 | 9 | 9 | 8 | 8 |

(3) പട്ടിക III–ന്റെ പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:–

പട്ടിക III

(ചട്ടം 3 കാണുക)

| മുനിസിപ്പൽ കോർപ്പറേഷനിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|
| | ധനകാര്യം | വികസനകാര്യം | ക്ഷേമകാര്യം | ആരോഗ്യകാര്യം | മരാമത്ത്കാര്യം | നഗരാസൂത്രണകാര്യം | നികുതി അപ്പീൽകാര്യം | വിദ്യാഭ്യാസ കലാകായിക കാര്യം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 56 | 7 | 7 | 7 | 7 | 7 | 7 | 7 | 6 |
| 57 | 7 | 7 | 7 | 7 | 7 | 7 | 7 | 7 |
| 58 | 8 | 7 | 7 | 7 | 7 | 7 | 7 | 7 |
| 59 | 8 | 8 | 7 | 7 | 7 | 7 | 7 | 7 |
| 60 | 8 | 8 | 8 | 7 | 7 | 7 | 7 | 7 |
| 61 | 8 | 8 | 8 | 8 | 7 | 7 | 7 | 7 |
| 62 | 8 | 8 | 8 | 8 | 8 | 7 | 7 | 7 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 63 | 8 | 8 | 8 | 8 | 8 | 8 | 7 | 7 |
| 64 | 8 | 8 | 8 | 8 | 8 | 8 | 8 | 7 |
| 65 | 8 | 8 | 8 | 8 | 8 | 8 | 8 | 8 |
| 66 | 9 | 8 | 8 | 8 | 8 | 8 | 8 | 8 |
| 67 | 9 | 9 | 8 | 8 | 8 | 8 | 8 | 8 |
| 68 | 9 | 9 | 9 | 8 | 8 | 8 | 8 | 8 |
| 69 | 9 | 9 | 9 | 9 | 8 | 8 | 8 | 8 |
| 70 | 9 | 9 | 9 | 9 | 9 | 8 | 8 | 8 |
| 71 | 9 | 9 | 9 | 9 | 9 | 9 | 8 | 8 |
| 72 | 9 | 9 | 9 | 9 | 9 | 9 | 9 | 8 |
| 73 | 9 | 9 | 9 | 9 | 9 | 9 | 9 | 9 |
| 74 | 10 | 9 | 9 | 9 | 9 | 9 | 9 | 9 |
| 75 | 10 | 10 | 9 | 9 | 9 | 9 | 9 | 9 |
| 76 | 10 | 10 | 10 | 9 | 9 | 9 | 9 | 9 |
| 77 | 10 | 10 | 10 | 10 | 9 | 9 | 9 | 9 |
| 78 | 10 | 10 | 10 | 10 | 10 | 9 | 9 | 9 |
| 79 | 10 | 10 | 10 | 10 | 10 | 10 | 9 | 9 |
| 80 | 10 | 10 | 10 | 10 | 10 | 10 | 10 | 9 |
| 81 | 10 | 10 | 10 | 10 | 10 | 10 | 10 | 10 |
| 82 | 11 | 10 | 10 | 10 | 10 | 10 | 10 | 10 |
| 83 | 11 | 11 | 10 | 10 | 10 | 10 | 10 | 10 |
| 84 | 11 | 11 | 11 | 10 | 10 | 10 | 10 | 10 |
| 85 | 11 | 11 | 11 | 11 | 10 | 10 | 10 | 10 |
| 86 | 11 | 11 | 11 | 11 | 11 | 10 | 10 | 10 |
| 87 | 11 | 11 | 11 | 11 | 11 | 11 | 10 | 10 |
| 88 | 11 | 11 | 11 | 11 | 11 | 11 | 11 | 10 |
| 89 | 11 | 11 | 11 | 11 | 11 | 11 | 11 | 11 |
| 90 | 12 | 11 | 11 | 11 | 11 | 11 | 11 | 11 |
| 91 | 12 | 12 | 11 | 11 | 11 | 11 | 11 | 11 |
| 92 | 12 | 12 | 12 | 11 | 11 | 11 | 11 | 11 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 93 | 12 | 12 | 12 | 12 | 11 | 11 | 11 | 11 |
| 94 | 12 | 12 | 12 | 12 | 12 | 11 | 11 | 11 |
| 95 | 12 | 12 | 12 | 12 | 12 | 12 | 11 | 11 |
| 96 | 12 | 12 | 12 | 12 | 12 | 12 | 12 | 11 |
| 97 | 12 | 12 | 12 | 12 | 12 | 12 | 12 | 12 |
| 98 | 13 | 12 | 12 | 12 | 12 | 12 | 12 | 12 |
| 99 | 13 | 13 | 12 | 12 | 12 | 12 | 12 | 12 |
| 100 | 13 | 13 | 13 | 12 | 12 | 12 | 12 | 12 |
| 101 | 13 | 13 | 13 | 13 | 12 | 12 | 12 | 12 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2024-ലെ 14) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 6-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തിട്ടുള്ളതും അതിൻപ്രകാരം നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ എണ്ണം ഒരു ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിലിന് പരമാവധി 53 കൗൺസിലർമാർ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 20000 ജനസംഖ്യവരെ 26 കൗൺസിലർമാരും ഇരുപതിനായിരത്തിൽ കൂടുതലുള്ള ഓരോ 2500 ജനസംഖ്യയ്ക്ക് ഒരു അധിക കൗൺസിലർ വീതവും ഒരു മുനിസിപ്പൽ കോർപ്പറേഷന് പരമാവധി 101 കൗൺസിലർമാർ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 4 ലക്ഷം ജനസംഖ്യവരെ 56 കൗൺസിലർമാരും, നാല് ലക്ഷത്തിൽ കൂടുതലുള്ള ഓരോ 10000 ജനസംഖ്യയ്ക്ക് ഒരു അധിക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിലർ വീതവും ആകാമെന്ന് സർക്കാരിന്റെ 09.07.2024 തീയതിയിലെ 23/ലെഗ്.സി1/2024/നിയമം നമ്പർ ഭേദഗതി വിജ്ഞാപന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ വാർഡുകളുടെ എണ്ണം നിശ്ചയിച്ചു കൊണ്ട് സർക്കാർ 2024 സെപ്റ്റംബർ 10–ാം തീയതിയിലെ സ.ഉ.(അച്ചടി)49/2024/തസ്വഭവ. നമ്പരായി ഗസറ്റ് വിജ്ഞാപനം (അസാധാരണ ഗസറ്റ് നം. 2920 തീയതി 11.09.2024) പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം ഓരോ മുനിസിപ്പാലിറ്റി/കോർപ്പറേഷനിലും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതു മൂലം പ്രസ്തുത മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ രൂപീകരിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണത്തിലും വ്യത്യാസം വരുത്തേണ്ടതുണ്ട്. ആയതിനാൽ 2000–ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ഭേദഗതി ചെയ്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 11.09.2024–ലെ വിജ്ഞാപന പ്രകാരം അനുവദിച്ചിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന് അനുസൃതമായി രൂപീകരിക്കേണ്ട ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും അംഗങ്ങളുടെ എണ്ണം പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.01 02:13:22 +05:30

©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, ശനി** Thiruvananthapuram, Saturday | **2025 നവംബർ 01** 01st November 2025 **1201 തുലാം 15** 15th Thulam 1201 **1947 കാർത്തികം 10** 10th Karthika 1947 | **നമ്പർ** No. **3864** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 56/2025/തസ്വഭവ.**
**എസ്. ആർ. ഒ. നമ്പർ 1259/2025**

*തിരുവനന്തപുരം, 2025 ഒക്ടോബർ, 31*
*1201 തുലാം, 14*
*1947 കാർത്തികം, 9.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13-ാം ആക്റ്റ്) 162, 162 എ എന്നീ വകുപ്പുകൾ 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2000 സെപ്റ്റംബർ 29-ാം തീയതിയിലെ ജി. ഒ. (പി)നമ്പർ 276/2000/തസ്വഭവ. എന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2000 സെപ്റ്റംബർ 30-ാം തീയതിയിലെ 1767-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 895/2000 നമ്പരായി പ്രസിദ്ധീകരിച്ചതുമായ, 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻറിംഗ് കമ്മിറ്റി) ചട്ടങ്ങൾ ഭേദഗതി ചെയ്ത് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻറിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.-2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻറിംഗ് കമ്മിറ്റി) ചട്ടങ്ങളുടെ അനുബന്ധത്തിൽ,-

(1) പട്ടിക I-നു പകരം, താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:-

"പട്ടിക I

(ചട്ടം 3 കാണുക)

| ഗ്രാമപഞ്ചായത്തിലെ/ബ്ലോക്ക് പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി |
| (1) | (2) | (3) | (4) | (5) |
| 14 | 4 | 3 | 3 | 3 |
| 15 | 4 | 4 | 3 | 3 |
| 16 | 4 | 4 | 4 | 3 |
| 17 | 4 | 4 | 4 | 4 |
| 18 | 5 | 4 | 4 | 4 |
| 19 | 5 | 5 | 4 | 4 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 20 | 5 | 5 | 5 | 4 |
| 21 | 5 | 5 | 5 | 5 |
| 22 | 6 | 5 | 5 | 5 |
| 23 | 6 | 6 | 5 | 5 |
| 24 | 6 | 6 | 6 | 5”. |

(2) പട്ടിക II-ന് പകരം, താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:-

"പട്ടിക II

(ചട്ടം 3 കാണുക)

| ജില്ലാ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി | ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |
| (1) | (2) | (3) | (4) | (5) | (6) |
| 17 | 4 | 3 | 3 | 3 | 3 |
| 18 | 4 | 4 | 3 | 3 | 3 |
| 19 | 4 | 4 | 4 | 3 | 3 |
| 20 | 4 | 4 | 4 | 4 | 3 |
| 21 | 4 | 4 | 4 | 4 | 4 |
| 22 | 5 | 4 | 4 | 4 | 4 |
| 23 | 5 | 5 | 4 | 4 | 4 |
| 24 | 5 | 5 | 5 | 4 | 4 |
| 25 | 5 | 5 | 5 | 5 | 4 |
| 26 | 5 | 5 | 5 | 5 | 5 |
| 27 | 6 | 5 | 5 | 5 | 5 |
| 28 | 6 | 6 | 5 | 5 | 5 |
| 29 | 6 | 6 | 6 | 5 | 5 |
| 30 | 6 | 6 | 6 | 6 | 5 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| 31 | 6 | 6 | 6 | 6 | 6 |
| 32 | 7 | 6 | 6 | 6 | 6 |
| 33 | 7 | 7 | 6 | 6 | 6". |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 6-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതും അതിൻപ്രകാരം നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ഒരു ഗ്രാമപഞ്ചായത്തിന്റെയും ഒരു ബ്ലോക്ക് പഞ്ചായത്തിന്റെയും ഒരു ജില്ലാ പഞ്ചായത്തിന്റെയും ആകെ സ്ഥാനങ്ങളുടെ എണ്ണം, ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യ പരിഗണിച്ചു കൊണ്ട് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ പാടില്ലായെന്നും ജില്ലാപഞ്ചായത്തിൽ പതിനേഴിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുള്ളതും അതിൻ പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിന്റെ കാര്യത്തിൽ, പതിനയ്യായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള പഞ്ചായത്ത് ഭൂപ്രദേശത്തേയ്ക്ക് പതിനാല് അംഗങ്ങളും, പതിനയ്യായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള പഞ്ചായത്ത് ഭൂപ്രദേശത്തേയ്ക്ക് പരമാവധി ഇരുപത്തിനാല് അംഗങ്ങൾ എന്നതിനു വിധേയമായി, ആദ്യത്തെ പതിനയ്യായിരം ജനസംഖ്യയ്ക്ക് പതിനാല് അംഗങ്ങളും, പതിനയ്യായിരത്തിൽ കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യയ്ക്കും ഓരോ അധിക അംഗം വീതവും, ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ, ഒരു ലക്ഷത്തി അൻപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള പഞ്ചായത്ത് ഭൂപ്രദേശത്തേയ്ക്ക് പതിനാല് അംഗങ്ങളും, ഒരു ലക്ഷത്തി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അൻപതിനായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള പഞ്ചായത്ത് ഭൂപ്രദേശത്തേയ്ക്ക് പരമാവധി ഇരുപത്തിനാല് അംഗങ്ങൾ എന്നതിനു വിധേയമായി ആദ്യത്തെ ഒരു ലക്ഷത്തി അമ്പതിനായിരം ജനസംഖ്യയ്ക്ക് പതിനാല് അംഗങ്ങളും ഒരു ലക്ഷത്തി അമ്പതിനായിരത്തിൽ കവിയുന്ന ഓരോ ഇരുപത്തയ്യായിരം ജനസംഖ്യയ്ക്കും ഓരോ അധിക അംഗം വീതവും, ഒരു ജില്ലാപഞ്ചായത്തിന്റെ കാര്യത്തിൽ, പത്ത് ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള പഞ്ചായത്ത് ഭൂപ്രദേശത്തേയ്ക്ക് പതിനേഴ് അംഗങ്ങളും പത്ത് ലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള പഞ്ചായത്ത് ഭൂപ്രദേശത്തേയ്ക്ക് പരമാവധി മുപ്പത്തിമൂന്ന് അംഗങ്ങൾ എന്നതിനു വിധേയമായി, ആദ്യത്തെ പത്തുലക്ഷം ജനസംഖ്യയ്ക്ക് പതിനേഴ് അംഗങ്ങളും, പത്ത് ലക്ഷത്തിൽ കവിയുന്ന ഓരോ ഒരു ലക്ഷം ജനസംഖ്യയ്ക്കും ഓരോ അധിക അംഗം വീതവും അടങ്ങിയിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചുകൊണ്ട് 2024 സെപ്റ്റംബർ 6-ാം തീയതിയിലെ LSGD/പി.ഡി/24269/2024-EER1 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് 2024 സെപ്റ്റംബർ 7-ാം തീയതിയിലെ 2888-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിജ്ഞാപന പ്രകാരം ഓരോ പഞ്ചായത്തിലും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതു മൂലം പ്രസ്തുത പഞ്ചായത്തിൽ രൂപീകരിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണത്തിലും വ്യത്യാസം വരുത്തേണ്ടതുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 162-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അതിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗസംഖ്യ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും (4)-ാം ഉപവകുപ്പ് പ്രകാരം തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളിൽ ഒരാളുടെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ടതും, പ്രസിഡന്റും വൈസ് പ്രസിഡന്റും ഒഴികെ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റെല്ലാ അംഗങ്ങളും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായി തിരഞ്ഞെടുക്കപ്പെടേണ്ടതുമാണ്. ആയതിനാൽ 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ഭേദഗതി ചെയ്ത്, പഞ്ചായത്തിന് 07.09.2024-ലെ വിജ്ഞാപന പ്രകാരം അനുവദിച്ചിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന് അനുസൃതമായി പഞ്ചായത്തിൽ രൂപീകരിക്കേണ്ട ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും അംഗങ്ങളുടെ എണ്ണം പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.01 02:31:26 +05:30